**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 25

30.11.2015 ൽ മറുപടിക്ക്

**ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി**

ചോദ്യം: **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

ഉത്തരം : **ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3 ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയും 10 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ, എന്തെല്ലാം കാരണങ്ങൾക്ക്, ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

**(ബി)** വിശദാംശങ്ങൾ അനുബന്ധം എ-ൽ ചേർക്കുന്നു.

**(സി)** ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ?

**(സി)** വിവരം ശേഖരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

# ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച അച്ചടക്ക നടപടികൾ

## ഐ.എ.എസ്.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | അച്ചടക്ക നടപടി സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|---|
| 1 | ശ്രീ. ടി.ഒ.സൂരജ് IAS | (1) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ടി.ഒ.സൂരജ് ഐ.എ.എസിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണ വിധേയമായി ടിയാനെ സസ്പെന്റ് ചെയ്തിരിക്കുകയാണ്. ടിയാനെതിരെ വകുപ്പുതല അച്ചടക്കനടപടിയും സ്വീകരിച്ച് വരുന്നു. |
| | | (2) കളമശ്ശേരി ഭൂമി ഇടപാടുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. ടി.ഒ.സൂരജ് ഐ.എ.എസിനെതിരെ വകുപ്പുതല അച്ചടക്കനടപടി നിലവിലുണ്ട്. |
| 2 | ഡോ.ബി.അശോക് IAS | (1) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർക്കെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് സർവകലാശാലാ ചാൻസലർക്ക് കത്തയച്ചതുമായി ബന്ധപ്പെട്ട് ഡോ. ബി.അശോക് ഐ.എ.എസിനെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. |
| | | (2) സർക്കാർ നയങ്ങളെ വിമർശിച്ച് ലേഖനം പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ഡോ.ബി.അശോക് ഐ.എ.എസിനെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. |
| 3 | ശ്രീ. ജോസ് ഐസക് IAS | വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസിനെതിരെ അച്ചടക്ക നടപടി തുടർന്ന് വരുന്നു. |

## ഐ.പി.എസ്.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | അച്ചടക്ക നടപടി സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|---|
| 1 | ശ്രീ. ടോമിൻ ജെ.തച്ചങ്കരി, IPS | (1) സർക്കാർ അനുമതി ഇല്ലാതെ വിദേശയാത്ര നടത്തിയതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് ടി ഓഫീസർക്ക് കർശന താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | (2) മുൻകൂർ അനുമതി വാങ്ങാതെ അനധികൃതമായി ഭൂമി ഇടപാട് നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസിനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും, ചാർജ് മെമ്മോ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. |
| 2 | ശ്രീ. ഇ.ജെ.ജയരാജ്, IPS | അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റച്ചട്ടലംഘനത്തിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നടത്തിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ടി ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി കർശന താക്കീത് നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | ശ്രീ. വി.സി. മോഹനൻ, IPS | 2012 ലെ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച്, ഗതാഗത തടസ്സം സൃഷ്ടിച്ചതിന്റെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് അന്നത്തെ തിരുവനന്തപുരം ഡെപ്യൂട്ടി പോലീസ് കമ്മീഷണറായിരുന്ന ടി ഓഫീസർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് ടി ഓഫീസർ ചാർജ് മെമ്മോയ്ക്ക് സമർപ്പിച്ച മറുപടി പരിശോധിച്ച് അച്ചടക്ക നടപടി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | ശ്രീ. ജി.ലക്ഷ്മൺ, IPS | (1) സർക്കാർ അനുമതി ഇല്ലാതെ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജോലി സ്വീകരിച്ചതിന്റെ പേരിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പ്രസ്തുത അച്ചടക്ക നടപടി കർശന താക്കീത് നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| | | (2) ശ്രീ. ജി.ലക്ഷ്മൺ, IPS, SAP ബറ്റാലിയന്റെ കമാണ്ടന്റ് ആയി ജോലി ചെയ്ത കാലയളവിൽ സർക്കാർ ഫണ്ടും, സ്വകാര്യ ഫണ്ടും ദുരുപയോഗം ചെയ്തു എന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശ പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും സർക്കാരിനുണ്ടായ നഷ്ടതുകയായ 2,76,201/- രൂപ ഉദ്യോഗസ്ഥനിൽ നിന്നു തിരിച്ച് പിടിച്ച് പ്രസ്തുത അച്ചടക്കനടപടി തീർപ്പാക്കുകയുമുണ്ടായി. |
| 5 | ശ്രീ. എസ്. ശ്രീജിത്ത്, IPS | (1) കെ.എ.റൗഫ് എന്ന വ്യക്തിയുമായി ശ്രീ. എസ്.ശ്രീജിത്ത്, IPS നുള്ള ബന്ധവും അതു സംബന്ധിച്ച ആരോപണങ്ങളുമായും ബന്ധപ്പെട്ട് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് സർക്കാരിനു ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് ഓഫീസർക്ക് കർശന താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. |
| | | (2) ശ്രീ. എസ്.ശ്രീജിത്ത്, IPS കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന കാലത്ത് ശ്രീ. ടൈറ്റസ് മേയൻ എന്ന വ്യക്തിയെ കുവൈറ്റിലെത്തിച്ച് കുവൈറ്റ് ജയിലിൽ അടച്ച സംഭവവുമായി ടി ഓഫീസർക്ക് പങ്കുണ്ട് |

| | | |
|---|---|---|
| | | എന്ന ആരോപണവുമായി ബന്ധപ്പെട്ട് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും അതുമായി ബന്ധപ്പെട്ട് നൽകിയ ചാർജ് മെമ്മോയ്ക്ക് ടി ഓഫീസർ സമർപ്പിച്ച മറുപടി സ്വീകരിച്ചുകൊണ്ട് അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| 6 | ശ്രീ. ബി.എസ്. മുഹമ്മദ് യാസിൻ, IPS | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI റിപ്പോർട്ടിലെ ശുപാർശ പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും എന്നാൽ ഈ കേസിൽ CBI തുടരന്വേഷണം നടത്തുന്നതിനാൽ ടി ഓഫീസർക്ക് നൽകിയ ചാർജ് മെമ്മോ സർക്കാർ പിൻവലിക്കുകയുമുണ്ടായി.<br>സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ടി ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കുകയുണ്ടായി. |
| 7 | ശ്രീ. വിജയ് എസ്. സാഖറെ, IPS | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI റിപ്പോർട്ടിലെ ശുപാർശപ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും എന്നാൽ ഈ കേസിൽ CBI തുടരന്വേഷണം നടത്തുന്നതിനാൽ ടി ഓഫീസർക്ക് നൽകിയ ചാർജ് മെമ്മോ സർക്കാർ പിൻവലിക്കുകയുമുണ്ടായി.<br>സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| 8 | ശ്രീ. കെ.ബി.ബാലചന്ദ്രൻ, IPS (Rtd.) | കൊല്ലം റൂറൽ പോലീസ് സൂപ്രണ്ടായിരുന്നപ്പോഴുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ലഭിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| 9 | ശ്രീ. രാഹുൽ ആർ.നായർ, IPS | പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടായിരിക്കെ ക്വാറി ഉടമയിൽ നിന്നും 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| 10 | ശ്രീ. ജേക്കബ് ജോബ്, IPS | പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം. നം. 173/2015 ന്റെ അന്വേഷണത്തിൽ അനധികൃതമായി ഇടപെട്ടു എന്ന ആരോപണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ റേഞ്ച്, IG സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ